ശ്രീ ശങ്കരാചാര്യവിരചിത

# ബ്രഹ്മജ്ഞാനാവലി

ജ്ഞാനാനന്ദാശ്രമ പ്രസിദ്ധീകരണം

സമ്പാദകൻ

ജ്ഞാനാനന്ദസരസ്വതി

959

ശ്രീ ശങ്കരാചാര്യകൃത

# ബ്രഹ്മജ്ഞാനാവലി

38072

ജ്ഞാനാനന്ദാശ്രമ പ്രസിദ്ധീകരണം

കോപ്പി 500.

സമ്പാദകൻ

ജ്ഞാനാനന്ദസരസ്വതി

രണ്ടാം പതിപ്പ് 1961 കോപ്പി 500

M 294.592

38072

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

# ബ്രഹ്മജ്ഞാനാവലി

അസംഗോഹം അസംഗോഹം
അസംഗോഹം പുനഃ പുനഃ
സച്ചിദാനന്ദരൂപോഹം
അഹമേവാഹമവ്യയഃ. 1

സാരം:— ഞാൻ വിഷയസമ്പർക്കങ്ങളിൽനിന്നകന്നവനും, സത്യം, പ്രകാശം, ആനന്ദമെന്നീ രൂപത്തോടുകൂടിയവനും, നാശരഹിതനുമായ സാക്ഷാൽ ശിവനാണ്.

നിത്യശുദ്ധവിമുക്തോഹം
നിരാകാരോഹമവ്യയഃ
ഭൂമാനന്ദസ്വരൂപോഹം
അഹമേവാഹമവ്യയഃ. 2

സാരം:— ഞാൻ ശാശ്വതനും, പരമനിർഗ്ഗുണനും, മായാസംബന്ധമില്ലാത്തവനും, നാമരൂപാദികളിൽനിന്നതീതനും, ആനന്ദരൂപിയും, നാശരഹിതനുമായ സാക്ഷാൽ ശിവനാണ്.

നിത്യോഹം നിരവദ്യോഹം
നിരാകാരോഹമച്യുതഃ
പരമാനന്ദരൂപോഹം
അഹമേവാഹമവ്യയഃ. 3

സാരം:— ഞാൻ സത്യസ്വരൂപനും, മാററമില്ലാത്തവനും, നിർമ്മരൂപങ്ങളില്ലാത്തവനും, എന്നാൽ ആനന്ദസ്വരൂപനും, നാശരഹിതനുമായ ശിവനാണ്.

ശുദ്ധചൈതന്യരൂപോഹം
ആത്മാരാമോഹമേവ ച
അഖണ്ഡാനന്ദരൂപോഹം
അഹമേവാഹമവ്യയഃ. 4

സാരം:— ഞാൻ നിർഗ്ഗുണചൈതന്യസ്വരൂപനും, ആത്മാവിൽതന്നെ രമിച്ചുകൊണ്ടിരിക്കുന്നവനും, അവസാനമില്ലാത്ത ആനന്ദസ്വരൂപിയും, നാശരഹിതനുമായ ശിവനാണ്.

പ്രത്യക്ചൈതന്യരൂപോഹം
ശാന്തോഹം പ്രകൃതേഃ പരഃ
ശാശ്വതാനന്ദരൂപോഹം
അഹമേവാഹമവ്യയഃ. 5

സാരം:— ഞാൻ ആത്മചൈതന്യസ്വരൂപനും, വികാരങ്ങളററ പ്രശാന്തനും, പ്രകൃതിയിൽനിന്നു് അതീതനും, സ്ഥിരമായ ആനന്ദസ്വരൂപനും, നാശരഹിതനുമായ ശിവനാണ്.

38072

തത്വാതീതഃ പരാത്മാഹം
മദ്ധ്യാതീതഃ പരഃ ശിവഃ
മായാതീതഃ പരം ജ്യോതിഃ
അഹമേവാഹമവ്യയഃ. 6

സാരം:— ഞാൻ തത്വങ്ങളിൽനിന്നു് അതീതമായ പരമാത്മാവും, ആദിമദ്ധ്യാവസാനരഹിതനായ പരമേശ്വരനും, മായയിൽനിന്നു അതീതമായ പരമജ്യോതിസ്സും, ശാശ്വതനുമായ ശിവനാണു്.

നാമരൂപവ്യതീതോഹം
ചിദാകാരോഹമച്യുതഃ
സുഖരൂപസ്വരൂപോഹം
അഹമേവാഹമവ്യയഃ. 7

സാരം:— ഞാൻ നാമരൂപങ്ങളില്ലാത്ത ചിൽസ്വരൂപിയും, സുഖമാത്രസ്വരൂപനും, നാശരഹിതനുമായ ശിവനാണു്.

മായാതൽകാൎയ്യദേഹാദി
മമ നാസ്ത്യേവ സൎവ്വദാ
സ്വപ്രകാശൈകരൂപോഹം
അഹമേവാഹമവ്യയഃ. 8

സാരം:— മായയോ, മായാകാൎയ്യങ്ങളായ ശരീരാദിസംബന്ധങ്ങളോ എനിക്കൊരിക്കലുമില്ല. ആത്മജ്യോതിഃസ്വരൂപനും നാശരഹിതനുമായ ശിവനാണു് ഞാൻ.

ഗുണത്രയവ്യതീതോഹം
ബ്രഹ്മാദീനാം ച സാക്ഷ്യഹം
അനന്താനന്ദരൂപോഹം,
അഹമേവാഹമവ്യയഃ. 9

സാരം:— സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളിൽനിന്നു് അതീതനും, ബ്രഹ്മാദി ദേവന്മാരുടെ സൃഷ്ട്യാദി കർമ്മങ്ങൾക്കുകൂടി സാക്ഷിയും, നാശരഹിതനുമായ ശിവനാണു് ഞാൻ.

അന്തര്യാമിസ്വരൂപോഹം
കൂടസ്ഥഃ സർവ്വഗോസ്മ്യഹം
പരമാത്മസ്വരൂപോഹം
അഹമേവാഹമവ്യയഃ. 10

സാരം:— ഞാൻ സമസ്തചരാചരാന്തര്യാമിയും, ആത്മസ്വരൂപിയും, എന്നാൽ കാലദേശാതീതനും, അപരിച്ഛിന്നനും, പരമാത്മസ്വരൂപനും, നാശരഹിതനുമായ ശിവനാണു്.

നിഷ്കളോഹം നിഷ്ക്രിയോഹം
സർവ്വാത്മാഽദ്യഃ സനാതനഃ
അപരോക്ഷസ്വരൂപോഹം
അഹമേവാഹമവ്യയഃ. 11

സാരം:— ഞാൻ നിർഗ്ഗുണനും, കർമ്മവിഹീനനും, എല്ലാവസ്തുക്കൾക്കും മുമ്പുള്ളവനും, നാശരഹിതനും, മോക്ഷസ്വരൂപിയും നാശരഹിതനുമായ ശിവനാണു്.

ദ്വന്ദ്വാദിസാക്ഷിരൂപോഹം
അചലോഹം സനാതനഃ
സൎവ്വസാക്ഷിസ്വരൂപോഹം
അഹമേവാഹമവ്യയഃ. 12

സാരം: — ഞാൻ എല്ലാ തരത്തിലുമുള്ള ദ്വന്ദ്വങ്ങൾക്കും ആദിയും, സാക്ഷിമാത്രനും, സൎവ്വസാക്ഷിയും, നാശരഹിതനുമായ ശിവനാണ്.

പ്രജ്ഞാനഘന ഏവാഹം
വിജ്ഞാനഘന ഏവ ച
അകൎത്താഹം അഭോക്താഹം
അഹമേവാഹമവ്യയഃ. 13

സാരം:— ഞാൻ ഘനീഭൂതമായ ജ്ഞാനസ്വരൂപനും, ഒന്നിൻെറയും കൎത്താവും ഭോക്താവും അല്ലാത്തവനും, നാശരഹിതനുമായ ശിവനാണ്.

നിരാധാരസ്വരൂപോഹം
സൎവ്വാധാരോഹമേവ ച
ആപ്തകാമസ്വരൂപപോഹം
അഹമേവാഹമവ്യയഃ. 14

സാരം: — ഞാൻ എല്ലാററിനും ആലംബഭൂതനും, എന്നാൽ ഒന്നിനേയും അവലംബിക്കാതെ സ്വച്ഛന്ദമായി നില്ക്കുന്നവനും, കാമങ്ങൾ അടങ്ങിയവനും, നാശരഹിതനുമായ ശിവനാണ്,

താപത്രയവിനിൎമ്മുക്തോ
ദേഹത്രയവിലക്ഷണഃ
അവസ്ഥാത്രയസാക്ഷ്യസ്മി
ചാഹമേവാഹമവ്യയഃ. 15

സാരം:— ഞാൻ ആധിഭൌതികം, ആധിദൈവികം, ആദ്ധ്യാത്മികം, എന്നീ താപത്രയത്തിൽനിന്നു മുക്തനും, സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ ദേഹത്രയത്തിൽനിന്നു വേർതിരിഞ്ഞു നില്ക്കുന്നവനും, ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥാത്രയത്തിന്നു സാക്ഷിമാത്രനും നാശരഹിതനുമായ ശിവനാണ്.

ദൃക്ദൃശ്യൌ ദ്വൌ പദാൎത്ഥൌ സ്തഃ
പരസ്പരവിലക്ഷണൌ
ദൃക് ബ്രഹ്മ; ദൃശ്യം മായേതി
സൎവ്വവേദാന്തഡിണ്ഡിമഃ. 16

സാരം:—അന്യോന്യവിരുദ്ധലക്ഷണങ്ങളോടുകൂടിയ 'ദൃക്കെ'ന്നും, 'ദൃശ്യ'മെന്നും രണ്ടു പദാൎത്ഥങ്ങളുണ്ട്. ഇതിൽ ദൃക് ബ്രഹ്മവും, ദൃശ്യം മായയുമാണ്. ഇതാണ് എല്ലാ വേദാന്തശാസ്ത്രങ്ങളുടേയും ഉൽഘോഷണതാല്പൎയ്യം.

അഹം സാക്ഷീതി യോ വിദ്യാൽ
വിവിച്യൈവം പുനഃപുനഃ
സ ഏവ മുക്തഃ സോ വിദ്വാൻ
ഇതി വേദാന്തഡിണ്ഡിമഃ. 17

സാരം:— എല്ലാ തത്വങ്ങളേയും വേണ്ടപോലെ നിരൂപിച്ചു ഞാൻ എല്ലാത്തിന്നും സാക്ഷിമാത്രനാണെന്നു ആർ ബോധിക്കുന്നുവോ, അവനാണ് മുക്തനും, വിദ്വാനുമാവുന്നതു്. ഇതാണ് വേദാന്തഘോഷത്തിൻെറ താല്പൎയ്യം.

 38072

ഘടകുഡ്യാദികം സർവ്വം
മൃത്തികാമാത്രമേവ ച
തദ്വൽ ബ്രഹ്മ ജഗൽ സർവ്വം
ഇതി വേദാന്തഡിണ്ഡിമഃ. 18

സാരം:— കലം, കുടം തുടിയതു എപ്രകാരം മൂന്നു കാലത്തും മണ്ണു മാത്രമാകുന്നുവോ; എങ്കിൽ അതുപോലെ ജഗത്ത് മുഴുവൻ മൂന്നു കാലത്തും ബ്രഹ്മം മാത്രമാണ്. എന്നുള്ളതാണ് വേദാന്തഘോഷത്തിൻെറ താല്പര്യം.

ബ്രഹ്മ സത്യം ജഗന്മിത്ഥ്യാ
ജീവോ ബ്രഹ്മൈവ നാപരഃ
അനേന വേദ്യം സച്ഛാസ്ത്രം
ഇതി വേദാന്തഡിണ്ഡിമഃ. 19

സാരം:— ബ്രഹ്മം സത്യവും (മൂന്നു കാലത്തും ഉള്ളതും), ജഗത്ത് ഇല്ലാത്തതും (മൂന്നു കാലത്തും മിത്ഥ്യയും) ആണ്; ജീവനാകട്ടെ, ബ്രഹ്മത്തിൽനിന്നു വേറെയല്ല; ബ്രഹ്മംതന്നെയാണ്. ഇത്ര മാത്രം ബോദ്ധ്യപ്പെട്ടു കഴിഞ്ഞാൽ എല്ലാ ശാസ്ത്രങ്ങളേയും, അറിഞ്ഞു കഴിഞ്ഞു. ശാസ്ത്രങ്ങൾ എത്ര വലുതായാലും അവകളുടെയൊക്കെ താല്പര്യം ഇത്രമാത്രമാണ്. ഇതാണ് വേദാന്തഘോഷത്തിൻെറ താല്പര്യം.

അന്തർജ്യോതിഃ ബഹിർജ്യോതിഃ
പ്രത്യക്‌ജ്യോതിഃ പരാൽപരഃ
ജ്യോതിർജ്യോതിഃ സ്വയംജ്യോതിഃ
ആത്മജ്യോതിഃ ശിവോസ്മ്യഹം. 20

സാരം:— ഞാൻ അകത്തും പുറത്തും പ്രത്യക്കായും പരാക്കായും പ്രകാശിക്കുന്ന ജ്യോതിഃസ്വരൂപനും, ജ്യോതിസ്സിന്നുകൂടി ജ്യോതിസ്സും, സ്വയംപ്രകാശനും, ആത്മജ്യോതിസ്സുമായ സാക്ഷാൽ ശിവനാണ്.

38072



## II

മനോബുദ്ധ്യഹംകാരചിത്താനി നാഹം
ന ച ശ്രോത്രജിഹ്വേ ന ച ഘ്രാണനേത്രേ
ന ച വ്യോമ ഭൂമിർന്ന തേജോ ന വായുഃ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 1

സാരം:— ഞാൻ മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നീ അന്തഃകരണങ്ങളോ, ശ്രോത്രം, ജിഹ്വാ, ഘ്രാണം, നേത്രം തുടങ്ങിയ ഇന്ദ്രിയങ്ങളോ, ആകാശം, ഭൂമി, അഗ്നി, വായു മുതലായ ഭൂതങ്ങളോ അല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണ്.

അഹം പ്രാണവർഗ്ഗോ ന പഞ്ചാനിലാ മേ
ന തോയം ന മേ ധാതവോ നൈവ കോശാഃ
ന വാക് പാണിപാദൌ ന ചോപസ്ഥപായുഃ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 2

സാരം:— ഞാൻ പ്രാണവർഗ്ഗമല്ല; എനിക്ക് പ്രാണാദി അഞ്ചു വായുക്കളുമില്ല. ഞാൻ ജലമല്ല; ജലമയങ്ങളായ ധാതുക്കളും എനിക്കില്ല. അന്നാദികോശങ്ങളും ഞാനല്ല; വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ കർമ്മേന്ദ്രിയങ്ങളും ഞാനല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണ്; ശിവനാണ്.

ന മേ ദ്വേഷരാഗൌ ന മേ ലോഭമോഹൌ
മദോ നൈവ മേ നൈവ മാത്സര്യഭാവഃ
ന ധർമ്മോ ന ചാർത്ഥോ ന കാമോ ന മോക്ഷഃ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 3

 38072

സാരം:— എനിക്ക് ദ്വേഷം, രാഗം, ലോഭം, മോഹം തുടങ്ങിയ വികാരങ്ങളാവട്ടെ മദം, മാത്സൎയ്യം മുതലായ ഭാവങ്ങളാവട്ടെ ഇല്ല. ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്നീ പുരുഷാൎത്ഥങ്ങളും എനിക്കില്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണ്; ശിവനാണ്.

ന പുണ്യം ന പാപം ന സൌഖ്യം ന ദുഃഖം
ന മന്ത്രോ, ന തീൎത്ഥം, ന ദേവാ, ന യജ്ഞാഃ
അഹം ഭോജനം നൈവ ഭോജ്യോ ന ഭോക്താ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 4

സാരം:— എനിക്ക് പുണ്യമാകട്ടെ പാപമാകട്ടെ സുഖമാകട്ടെ ദുഃഖമാകട്ടെ മന്ത്രമാകട്ടെ തീൎത്ഥമാകട്ടെ ദേവന്മാരാകട്ടെ യജ്ഞങ്ങളാകട്ടേ ഇല്ല. ഞാൻ ഭോക്താവോ ഭോജ്യമോ, ഭോജനമോ അല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണ്; ശിവനാണ്.

ന മേ മൃത്യുശങ്കാ ന മേ ജാതിഭേദോ
പിതാ നൈവ മേ നൈവ മാതാ ന ജന്മ
ന ബന്ധുൎന്ന മിത്രം ഗുരുൎന്നൈവ ശിഷ്യഃ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 5

സാരം:— എനിക്ക് മരണത്തിന്റെ സംശയംകൂടി ഇല്ല. ജാതിഭേദവും ഇല്ല. അച്ഛനോ അമ്മയോ ജനനമോ ഉണ്ടായിട്ടേ ഇല്ല. ഞാൻ ബന്ധുവും മിത്രവും ഗുരുവും ശിഷ്യനുമല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണ്; ശിവനാണ്.

38072

അഹം നിർവ്വികല്പോ നിരാകാരരൂപോ
വിഭുർവ്വ്യാപ്യ സർവ്വത്ര സർവ്വേന്ദ്രിയാണി
സദാ മേ സമത്വം ന മുക്തിർന്ന ബന്ധഃ
ചിദാനന്ദരൂപഃ ശിവോഹം; ശിവോഹം. 6

സാരം:— ഞാൻ നാമരൂപാതീതമായി നിസ്സംശയമായിരിക്കുന്ന ബ്രഹ്മമാകുന്നു. ഞാൻ എല്ലായിടത്തും എല്ലാ ഇന്ദ്രിയങ്ങളേയും വ്യാപിച്ചുകൊണ്ടും എല്ലാററിന്നും വിഭുവായും ഇരിക്കുന്നു. എനിക്ക് എപ്പോഴും സാമ്യാവസ്ഥമാത്രമാണുള്ളതു്. ബന്ധമാകട്ടേ മോക്ഷമാകട്ടേ ഇല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ ശിവനാണു്; ശിവനാണു്.

ശുഭം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No* M 294·592 *Acc. No.* 38072

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 NOV 1983 | | |
| 22 MAY 1994 | | |
| 13 JUL 1994 | | |
| 5 SEP 1994 | | |
| 24 MAR 2005 | | |
| 8 AUG 2008 | | |

38072

M 294.592

ജ്ഞാനാനന്ദസരസ്വതി

(ശൈവജ്ഞാനാവലി).

## ജ്ഞാനാനന്ദാശ്രമപ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഭാഗവതരഹസ്യം ഒന്നാം ഭാഗം വില | 5_00 |
| | ടി രണ്ടാം ഭാഗം | 5_00 |
| | ടി മൂന്നാം ഭാഗം | 3_00 |
| 2. | പ്രശ്നോപനിഷത്ത് | 2_00 |
| 3. | കേനോപനിഷത്ത് | 1_00 |
| 4. | ഈശാവാസ്യോപനിഷത്ത് | 1_00 |
| 5. | വേദാന്തവിജ്ഞാനം ഒന്നാം ഭാഗം | 3_00 |
| | ടി രണ്ടാം ഭാഗം | 2_00 |
| | ടി മൂന്നാം ഭാഗം (അച്ചടിയിൽ) | |
| 6. | ആത്മാനാത്മവിവേകം | 0_50 |
| 7. | സപ്താഹമാഹാത്മ്യം | 0_50 |
| 8. | ഉത്തരഗീത | 1_00 |
| 9. | ഗോപികാഗീതം | 0_50 |
| 10. | യോഗരാമായണം | 0_25 |
| 11. | സദാചാരജീവിതം | 0_25 |
| 12. | ശ്രീനാരദഭക്തിസൂത്രം | 3_00 |
| 13. | ബ്രഹ്മജ്ഞാനാവലി | 0_25 |
| 14. | വേദാന്തരഹസ്യം | 0_25 |
| 15. | നന്മയുടെ ഓളങ്ങൾ | 0_50 |
| 16. | പാതഞ്ജലയോഗദർശനം | 3_00 |
| 17. | രാമായണതത്ത്വം അച്ചടിയിൽ | |
| 18. | രാമഗീത ,, | |
| 19. | കേദാരഖണ്ഡം ,, | |

പരമപുരുഷാർത്ഥം—വേദാന്ത മലയാളമാസിക. എല്ലാ ഇംഗ്ലീഷുമാസം 30_ാംനുയും പുറത്തുവരുന്നു.

വാർഷിക വരിസംഖ്യ 6_00

ജ്ഞാനാനന്ദാശ്രമം, P. O. ഇരുന്നിലംകോട്.

(VIA) വടക്കാഞ്ചേരി.

ശ്രീ ശങ്കരാചാര്യവിരചിത

# ബ്രഹ്മജ്ഞാനാവലി

ജ്ഞാനാനന്ദാശ്രമ പ്രസിദ്ധീകരണം

സമ്പാദകൻ

ജ്ഞാനാനന്ദസരസ്വതി